## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2132** **08/03/2018-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിലെ കാലതാമസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലതാമസം നേരിടുന്നില്ല. റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ പ്രകാരം അർഹരായ അപേക്ഷകരുടെ അപേക്ഷകൾ സമയബന്ധിതമായി ദ്രുതഗതിയിൽ തീർപ്പാക്കി ധനസഹായം വിതരണം ചെയ്തു വരുന്നു. ഇതിനായി കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കൊല്ലം, തൃശ്ശൂർ, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജില്ലാ അടിസ്ഥാനത്തിലും, മേഖലാ അടിസ്ഥാനത്തിലും ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് ജില്ലകളിലും ഇത്തരം ക്യാമ്പുകൾ സംഘടിപ്പിച്ച് റിസ്ക് ഫണ്ട് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ വായ്പാ കാലാവധിക്കുള്ളിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ബി) | വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അവസാന തിരിച്ചടവ് തീയതി മുതൽ മരണതീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. |

| | | | |
|---|---|---|---|
| (സി) | ഇപ്പോഴത്തെ സാഹചര്യത്തിൽ, ആനുകൂല്യം വൈകുന്നതിന്റെ ഫലമായി പലിശ ഇനത്തിൽ വരുന്ന വർദ്ധനവ് മൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കുമോ; | (സി) | റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ പ്രകാരം അർഹരായ അപേക്ഷകരുടെ ആനുകൂല്യം വൈകുന്നതിന്റെ ഫലമായി പലിശയിനത്തിൽ വരുന്ന വർദ്ധനവ് മൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കാവുന്നതാണ്. റിസ്ക് ഫണ്ട് ആനുകൂല്യം യഥാസമയം നൽകുന്നതിനായി ബോർഡിന്റെ നിയമാവലി പ്രകാരം കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുള്ള അപേക്ഷകൾ ബോർഡിലേക്ക് ലഭ്യമാക്കാൻ നിർദ്ദേശം നൽകുന്നതാണ്. |
| (ഡി) | സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുത്ത, റിസ്ക് ഫണ്ടിൽ അംഗങ്ങളല്ലാത്തവർ വായ്പാ കാലാവധിക്കുള്ളിലോ അതിനു ശേഷമോ മരണപ്പെട്ടാൽ ആശ്രിതർക്ക് ലോൺ തിരിച്ചടവിൽ ലഭിക്കുന്ന ഇളവുകളും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങൾ അല്ലാത്തവർക്ക് ആനുകൂല്യം നൽകാൻ റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ